ബാണാസുരസാഗർ പദ്ധതിയിലെ പണികൾ ടെൻഡർ ചെയ്ത നടപടി

35 (2589) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാണാസുരസാഗർ പദ്ധതിയുടെ ഏതെല്ലാം പണികൾക്കാണ് അടുത്ത കാലത്ത് ഓപ്പൺ ടെൻഡർ വിളിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ടെൻഡറുകളിൽ ഏതെല്ലാം കരാറുകാരാണ് പങ്കെടുത്തത് ; ഓരോരുത്തരും എന്ത് തുകയാണ് ക്വാട്ട ചെയ്തതെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം കരാറുകാർക്കാണ് വർക്ക് അവാർഡ് ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം വർക്കുകൾക്കാണ് പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഏതെല്ലാം കോൺട്രാക്ടർമാരെയാണ് പ്രീ-ക്വാളിഫൈ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) വർക്ക് ആർക്കാണ് അവാർഡ് ചെയ്തിട്ടുള്ളതെന്നും എത്ര തുകയ്ക്കാണെന്നും വ്യക്തമാക്കാമോ ;

(ജി) എസ്റ്റിമേറ്റ് തുകയെക്കാൾ എത്ര ശതമാനം കൂടുതലിനാണ് അവാർഡ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) വിവിധ വർക്കുകൾക്കായി ഓപ്പൺ ടെൻഡറും പ്രീ-ക്വാളിഫിക്കേഷൻ ടെൻഡറും വിളിച്ചതിൽ എത്ര ശതമാനം ആണ് വ്യത്യാസം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഐ) പ്രസ്തുത പദ്ധതിക്ക് പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ നൽകിയതിൽ എന്ത് തുകയാണ് സംസ്ഥാന ഖജനാവിൽ നഷ്ടമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാണാസുരസാഗർ പദ്ധതിയുടെ മെയിൻ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട അഞ്ച് പണികൾക്കാണ് അടുത്തകാലത്ത് ഓപ്പൺ ടെൻഡർ വിളിച്ചത്.

(ബി) ടെൻഡറുകളിൽ പങ്കെടുത്ത കരാറുകാരുടെ പേരും അവർ ക്വാട്ട് ചെയ്തറേറ്റും (ശതമാനത്തിൽ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വർക്ക് അവാർഡ് ചെയ്ത കരാറുകാർ താഴെപ്പറയുന്നവരാണ്.

1. മെയിൻ കനാൽ ചെയിനേജ് 150-690 മീറ്റർ വരെ ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. 690-1130 മീറ്റർ വരെ - ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനി.
3. ചെയിനേജ് 1500-1800 മീറ്റർ വരെ പൈലി ആന്റ് കമ്പനി.
4. ചെയിനേജ് 1800-2300 മീറ്റർ വരെ കെ. ജോർജ് ജോസഫ്.
5. ചെയിനേജ് 2300-2730 മീറ്റർ വരെ - ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനി.

(ഡി&ഇ) ഈ വർക്കുകൾക്ക് പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചിട്ടില്ല.

(എഫ്&ജി) വർക്ക് അവാർഡ് ചെയ്ത കരാറുകാരുടെ വിവരങ്ങൾ അനുബന്ധമായി കൊടുക്കുന്നു.*

(എച്ച്) പണികൾക്കുവേണ്ടി പ്രീ-ക്വാളിഫിക്കേഷൻ ടെൻഡർ വിളിച്ചിട്ടില്ല.

(ഐ) ഉദിക്കുന്നില്ല.

മഞ്ചേരി ജലസേചനോപദേശകസമിതി

36 (2590) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ ജലസേചനവകുപ്പിന്റെ കീഴിൽ ജലസേചന ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ ;

(സി) നടപ്പുസാമ്പത്തിക വർഷം ഈ സമിതി എത്ര യോഗം ചേർന്നിട്ടുണ്ട് ;

(ഡി) യോഗം ചേർന്നിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 26-11-1996-ൽ

(സി) 17-05-1999-ൽ ഒരു തവണ.

(ഡി) ഉദിക്കുന്നില്ല.

കീരാനല്ലൂർ ന്യൂകട്ട് റഗുലേറ്റർ നിർമ്മാണം

37 (2591) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേനചവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കീരാനല്ലൂർ ന്യൂകട്ട് റഗുലേറ്റർ നിർമ്മാണ പുരോഗതി എത്രത്തോളമായി എന്നു വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly